**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2057**

**06.02.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**വിഴിഞ്ഞം ഹാർബർ നിർമ്മാണം**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | വിഴിഞ്ഞം ഹാർബർ നിർമ്മാണം ആരംഭിച്ചതോടെ പൂന്തുറ മുതൽ വേളി, പൊഴിക്കര വരെ തീരം നഷ്ടപ്പെട്ടതിനെ തുടർന്ന് തൊഴിൽ നഷ്ടമായ മത്സ്യത്തൊഴിലാളികളെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പുതന്നെ അത് തീരശോഷണത്തിന് കാരണമാവില്ലെന്ന് പരിസ്ഥിതി അനുമതി ലഭിക്കുന്നതിനായി നടത്തിയ ശാസ്ത്രീയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുള്ളതാണ്. തീരശോഷണത്തെ സംബന്ധിച്ച് ഇപ്പോഴും പഠനങ്ങൾ തുടരുന്നുണ്ട്. ഇവയിലൊന്നും തന്നെ തുറമുഖ നിർമ്മാണം മൂലം തീരശോഷണം സംഭവിക്കുന്നതായി ഇനിയും കണ്ടെത്തിയിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം നഷ്ടപരിഹാരമാണ് ഇവർക്ക് നൽകുക; നഷ്ടപരിഹാരം എന്നത്തേയ്ക്ക് അനുവദിക്കും; വിശദാംശം വെളിപ്പെടുത്തുമോ ? | (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ